(സി) ഒരു കേരളീയൻ ദിവസേന ശരാശരി എത്ര കള്ള്, ചാരായം, വിദേശ മദ്യം എന്നിവ കഴിക്കുന്നുണ്ട് എന്ന് പറയാമോ;

(ഡി) മദ്യപാനാസക്തി കേരളീയരിൽ കുറയ്ക്കുന്നതിന് ഇപ്പോൾ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം അനുവദിച്ചിട്ടുള്ള മദ്യഷാപ്പുകളുടെ എണ്ണം താഴെ പറയുന്നു:

കള്ളുഷാപ്പുകൾ	2454
ഉപഷാപ്പുകൾ	284
ചാരായഷാപ്പുകൾ	1834
വിദേശമദ്യവിൽപ്പനശാലകൾ	134
വിദേശമദ്യ ചില്ലറ വിൽപ്പനഷാപ്പുകൾ	90
വിദേശമദ്യ ബാറുകൾ	236

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) മദ്യത്തിന്റെ പരസ്യം നിയമം മൂലം തടഞ്ഞിട്ടുണ്ട്. കൂടാതെ ദേവാലയങ്ങളുടേയും വിദ്യാലയങ്ങളുടേയും ശ്മശാനങ്ങളുടേയും 400 മീറ്ററിനുള്ളിൽ കള്ള്, ചാരായം (ചില്ലറ) ഷാപ്പുകൾ സ്ഥാപിക്കുവാൻ അനുവദിക്കുന്നില്ല. വിദേശമദ്യ (മൊത്ത) ഷാപ്പുകളും വിദേശമദ്യ ബാറുകളും വിദ്യാലയങ്ങളുടേയും ദേവാലയങ്ങളുടേയും ശ്മശാനങ്ങളുടേയും 200 മീറ്റർ പരിധിക്കുള്ളിൽ പാടില്ലായെന്നും ഹരിജൻ ഗിരിജൻ കോളനികളിലും, പ്രോജക്ട് ഏരിയാകളിലും യാതൊരുവിധ മദ്യഷാപ്പുകളും പാടില്ലായെന്നും ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. മദ്യനിരോധനസമിതികളുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് പ്രോൽസാഹനം നൽകുന്നുണ്ട്.

ബാർ ലൈസൻസുള്ള ഹോട്ടലുകൾ

1011 [1902] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. ശങ്കരനാരായണപിള്ള:
,, കെ. കെ. ബാലകൃഷ്ണൻ:
,, പി. വിജയദാസ്:
,, എ. വി. താമരാക്ഷൻ:
,, എ. കെ. ശശീന്ദ്രൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോൾ ബാർ ലൈസൻസുള്ള എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ആകെ ബാർ ലൈസൻസുള്ള എത്ര ഹോട്ടലുകൾ ഉണ്ടായിരുന്നു;

(ഡി) ബാർ ലൈസൻസ് ഹോട്ടലുകൾക്ക് നൽകുന്നതിന്റെ മാനദണ്ഡം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 286 (16-7-86 വരെ)

(ബി)

തിരുവനന്തപുരം	37
കൊല്ലം	29
പത്തനംതിട്ട	6
ആലപ്പുഴ	9
കോട്ടയം	21
ഇടുക്കി	10
എറണാകുളം	85
തൃശ്ശൂർ	65
പാലക്കാട്	11
മലപ്പുറം	4
കോഴിക്കോട്	8
വയനാട്	2
കണ്ണൂർ	7
കാസർകോട്	1

(സി) 131

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

"സ്പിരിറ്റ് വിതരണത്തിന് നിയന്ത്രണം"

1012 [1903] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം അബ്കാരി കോൺട്രാക്ടർമാർക്ക് എത്ര ലിറ്റർ സ്പിരിറ്റ് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം സർക്കാരിന് ഉണ്ടായ ലാഭം എത്രയാണ്;

(സി) സ്പിരിറ്റ് വിതരണത്തിന് ഇന്നുള്ള നിയന്ത്രണം നീക്കി കോൺട്രാക്ടർമാർക്ക് ഇഷ്ടം പോലെ സ്പിരിറ്റ് കൊണ്ടുവരുവാൻ അനുവാദം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്പിരിറ്റ് നൽകുന്നില്ല. എന്നാൽ കഴിഞ്ഞ വർഷം (1985-86) 1,51,32,335.4 ലിറ്റർ ചാരായം കൊടുത്തിട്ടുണ്ട്.

(ബി) ഗവൺമെന്റ് നേരിട്ട് ചാരായം വിൽപ്പന നടത്തുന്നില്ല. ചാരായ വിൽപ്പന നടത്തുന്ന ഏജൻസികൾക്ക് ലഭിച്ചിട്ടുള്ള ലാഭനഷ്ടത്തെ കുറിച്ച് അറിവില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly